**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 165** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>കൊരട്ടിയിൽ ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന കേന്ദ്രം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സനീഷ്കുമാർ ജോസഫ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി കോമ്പൗണ്ടിലെ ആരോഗ്യ പ്രവർത്തകർക്കായുള്ള പരിശീലന കേന്ദ്രത്തിൽ അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്തൊക്കെയാണെന്നും ഇത് എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ;

**<u>മറുപടി:</u>** കൊരട്ടി ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രി കോമ്പൗണ്ടിലെ ആരോഗ്യ പ്രവർത്തകർക്കായുള്ള പരിശീലന കേന്ദ്രം കോവിഡ് കാലത്ത് കോവിഡ് ഐസൊലേഷൻ വാർഡ് ആയി പ്രവർത്തിച്ചിരുന്നു. എന്നാൽ കോവിഡിന് ശേഷം ചില സാമൂഹ്യ വിരുദ്ധർ ഈ കെട്ടിടത്തിന്റെ ജനൽപാളികൾ, മെയിൻ ഗ്ലാസ് ഡോർ എന്നിവ എറിഞ്ഞുടച്ചിട്ടുള്ളതും പ്ലംബിംഗ്, ഇലക്ട്രിക്കൽ വസ്തുക്കൾക്ക് നാശനഷ്ടം വരുത്തുകയും, ചിലത് അഴിച്ചെടുത്ത് കൊണ്ടുപോകുകയും ചെയ്തിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ പലഭാഗത്തും പെയിന്റ്, ക്ലാഡിങ്ങ് ടൈൽ, ഫ്ലോർ ടൈൽ എന്നിവക്ക് നാശം സംഭവിച്ചിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായുള്ള അറ്റകുറ്റപ്പണികൾക്ക് അസറ്റ് മെയിന്റനൻസ് ഫണ്ടിനു കീഴിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. അറ്റകുറ്റപ്പണികൾക്ക് ഭരണാനുമതി ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തിയായ ശേഷം മാത്രമേ പണി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് നിർമ്മാണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇതുകൂടാതെ ലിഫ്റ്റ് സംവിധാനം, ജല ലഭ്യത, വൈദ്യുതി കണക്ഷൻ, ഫയർ ലിഫ്റ്റിംഗ് എന്നീ ജോലികളും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന് ചുറ്റുമതിൽ, ഗേറ്റ്, സെക്യൂരിറ്റി സംവിധാനം എന്നിവയും ആവശ്യമാണെന്ന് കാണുന്നു.

**(ബി)** നിർമ്മാണം പൂർത്തീകരിക്കുന്നതിന് എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ആയതിന് അംഗീകാരം നൽകിയിട്ടുണ്ടോയെന്നും അറിയിക്കുമോ;

**<u>മറുപടി:</u>** പ്രസ്തുത അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ₹40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് അസറ്റ്

മെയിന്റനൻസ് ഫണ്ടിനു കീഴിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

**(സി)** പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പിന് എത്ര തസ്തികകൾ ആവശ്യമായിട്ടുണ്ടെന്നും ഏതൊക്കെയാണെന്നും എപ്രകാരമാണ് നിയമിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

**മറുപടി:** പരിശീലനകേന്ദ്രത്തിന്റെ പ്രവർത്തനം ആരാംഭിക്കുന്നതിന് ചുവടെ ചേർത്തിട്ടുള്ള 10 തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ മേൽ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയത്തിൽ പഠനം നടത്തിയിട്ടുണ്ടെങ്കിൽ പഠന റിപ്പോർട്ട് ലഭ്യമാക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | Principal (Deputy Director) | 1 |
| 2 | Jr. Administrative Medical Officer | 1 |
| 3 | Head Clerk | 1 |
| 4 | Clerk | 2 |
| 5 | Hospital Attendant Gr II | 2 |
| 6 | Watchman | 2 |
| 7 | Part time Cleaner | 1 |
| ആകെ | | **10** |

**സെക്ഷൻ ഓഫീസർ**